നമ്പർ 376/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹ വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,
നമ്മുടെ ഗുരുവും പിതാവുമായിരുന്ന പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതിയൻ ബാവാ തിരുമനസ്സിലെ പ്രത്യേക താൽപ്പര്യപ്രകാരം ആരംഭിച്ച പ്രസിദ്ധീകരണമാണല്ലോ പ. സഭയുടെ ഏക ഔദ്യോഗിക മുഖപത്രമായ **മലങ്കര സഭാ മാസിക**. സഭയുടെ വിശ്വാസം കാലിക പ്രസക്തിയോടെ വിശ്വാസികളിൽ എത്തിക്കുവാനും, സാമൂഹികവും സാംസ്കാരികവും ധാർമ്മികവുമായ പ്രശ്നങ്ങളോടുള്ള സഭയുടെ പ്രതികരണം അറിയിക്കുവാനും, മറ്റ് പഠനങ്ങളും ചിന്തകളും വായനക്കാരുടെ ലോകത്ത് എത്തിക്കുവാനും ലക്ഷ്യമിട്ടുകൊണ്ടാണ് ആരംഭകാലം മുതൽ മാസിക ശ്രദ്ധിച്ചുവരുന്നത്. അക്ഷരങ്ങളോളം ശക്തമായ മറ്റൊരു മാധ്യമം ഇല്ലെന്നുതന്നെ പറയാം. ആയതിനാൽ സഭയുടെ ഔദ്യോഗിക മുഖപത്രമായ മലങ്കര സഭാ മാസികയുടെ പ്രാധാന്യം എത്ര വലുതാണെന്ന് ചിന്തിക്കാമല്ലോ. അച്ചടിയിലും പ്രസിദ്ധീകരണത്തിലും ഏറെ ഗുണനിലവാരം പുലർത്തേണ്ട ഈ കാലയളവിൽ നമ്മുടെ ഔദ്യോഗിക മുഖപ്പത്രത്തിന്റെ ഗുണ നിലവാരം ഉയരേണ്ടിയിരിക്കുന്നു. ഇതര സഭാ വിഭാഗങ്ങളുടെ പ്രസിദ്ധീകരണവുമായി തുലനം ചെയ്താൽ നാം വളരെ പിന്നിലാണെന്ന് സമ്മതിക്കേണ്ടിവരും. ഇത് പരിശുദ്ധ സഭയ്ക്കാകമാനം അപമാനകരമാണ്. ഗുണനിലവാരം വർദ്ധിപ്പിക്കണമെങ്കിൽ വായനക്കാരുടെ എണ്ണം കൂടിയേ മതിയാവുകയുള്ളൂ ആയതിനാൽ **2009 സെപ്റ്റംബർ മുതൽ 2010 ആഗസ്റ്റ്** മാസം വരെയുള്ള കാലയളവിനെ മലങ്കര സഭാ മാസിക പ്രചരണവർഷമായി നാം പ്രഖ്യാപിക്കുന്നു. നമ്മുടെ എല്ലാ ഭവനങ്ങളിലും പ. സഭയുടെ ഏക ഔദ്യോഗിക മുഖപത്രമായ മലങ്കര സഭാ മാസിക വരുത്തിയിരിക്കണം. നമ്മുടെ വാത്സല്യവാന്മാരായ വൈദികർ ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണം. ആത്മീയ സംഘടനകൾ വഴി ഇടവകാംഗങ്ങളെ മലങ്കരസഭാ മാസികയുടെ വരിക്കാരാക്കുവാൻ ശ്രദ്ധിക്കണം. ഒരോ ഇടവകയിലും ഓരോ ഏജന്റ് വീതം ഉണ്ടായിരിക്കണം. ഇതുമായി ബന്ധപ്പെട്ട ചുമതലക്കാർ നിങ്ങളെ സമീപിക്കുമ്പോൾ പൂർണ്ണ സഹായം നിങ്ങൾ നൽകണം.

മക്കളേ,
നമ്മുടെ സഭ നമ്മുടെ ജീവനാണ്; ഒരു മേഖലയിലും പ. സഭ പിന്നോക്കം പോകുവാൻ ഇടയാകരുത്; പ. സഭയ്ക്കുവേണ്ടി മുട്ടിപ്പായി പ്രാർത്ഥിക്കണം. നിങ്ങളേവരേയും ബലഹീനനായ നാം ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. അച്ചടക്കവും, ചൊല്ലുവിളിയുള്ളവരുമായി നിങ്ങൾ ജീവിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

2009 ആഗസ്റ്റ് മാസം 28-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.